Ruling

റൂളിംഗ്

മി. സ്പീക്കർ: നമ്മുടെ സംസ്ഥാനത്തിന്റെ നാമധേയം 'കേരള' എന്നതിന് പകരം 'കേരളം' എന്നാക്കുന്നതിനുള്ള കേന്ദ്ര വിജ്ഞാപനം 25-08-2026-ന് പ്രാബല്യത്തിൽ വന്നുവെങ്കിലും ഭരണഘടനാസ്ഥാപനമായ നിയമസഭ അതിന്റെ കടലാസുകളിൽ കേരളനിയമസഭ എന്നുപയോഗിക്കുന്നത് ക്രമപ്രകാരമുള്ള നടപടിയല്ലായെന്നാണ് ശ്രീ. ജി. ആർ. അനിൽ ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ചിട്ടുള്ളത്.

സാധാരണഗതിയിൽ നിയമസഭാസെക്രട്ടറിയേറ്റിനെ സംബന്ധിക്കുന്ന കാര്യങ്ങൾ സഭയുടെ ക്രമപ്രശ്നമായി ഉന്നയിക്കാൻ അനുവാദം നൽകാറില്ല. എങ്കിലും ഇക്കാര്യത്തിൽ ചെയറിന്റെ ഭാഗത്തുനിന്നും സ്പഷ്ടീകരണം ആവശ്യമായി വന്നതിനാലാണ് ഒരു പ്രത്യേക കേസായി ഇത് അനുവദിക്കുന്നത്.

'കേരളം' എന്ന പദത്തിന് വ്യത്യസ്ത സന്ദർഭങ്ങളിൽ താഴെപ്പറയുന്ന വിധത്തിൽ രൂപമാറ്റം സംഭവിക്കാറുണ്ട്. ഒറ്റപ്പദമായി ഉപയോഗിക്കുമ്പോൾ 'കേരളം' എന്ന് ഉപയോഗിക്കണം. ഉദാ. കേരളം എന്റെ സംസ്ഥാനമാണ്.

Ruling

ഉത്തരപദമായി ഉപയോഗിക്കുമ്പോൾ 'കേരളം' എന്നെഴുതാം ഉദാ. ഹരിതകേരളം, നവകേരളം തുടങ്ങിയവ. പൂർവ്വപദമായും ശേഷം വരുന്ന പദത്തിന്റെ വിശേഷണമായും വന്നാൽ കേരളം എന്നതിലെ അനുസ്വാരം ഒഴിവാക്കണം. അനുസ്വാരത്തിൽ അവസാനിക്കുന്ന വാക്കുകൾ മറ്റൊരു വാക്കുമായി കൂടിച്ചേരുമ്പോൾ അനുസ്വാരം നഷ്ടപ്പെടുകയും പകരം 'അ'കാരം ഉണ്ടാകുകയും ചെയ്യും. ഉദാ. കേരളസർക്കാർ, കേരളസംസ്ഥാനം, കേരളപ്പിറവി, കേരളനിയമസഭ. സംസ്ഥാനത്തെ ഭാഷാ വിദഗ്ദരുടെ അഭിപ്രായം കൂടി ആരാഞ്ഞ ശേഷമാണ് 'കേരളനിയമസഭ' എന്ന പേര് നിയമസഭ അതിന്റെ കടലാസുകളിൽ നിലവിൽ രേഖപ്പെടുത്തിയത്. ഈ സാഹചര്യത്തിൽ ശ്രീ. ജി. ആർ. അനിൽ ഉന്നയിച്ച ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.